# കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - അക്കാദമികം (2017-18) - ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശനം - 2017 - 18 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ സീറ്റുകളിൽ 10% സീറ്റ് വർദ്ധനവ് കൂടി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(കൈ) നം. 90/2017/പൊവി തീയതി, തിരുവനന്തപുരം 08/08/2017

---

പരാമർശം:- 18.04.2017-ലെ സ.ഉ(കൈ) നം.28/2017/പൊവി.

## ഉത്തരവ്

പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം 2017-18 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന്, സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ, 20% മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി ഉത്തരവായിരുന്നു. ടി സീറ്റ് വർദ്ധനവ് വരുത്തിയശേഷവും സമർത്ഥരായ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സ്കൂളുകളിൽ പ്രവേശനം ലഭിച്ചില്ലായെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ 9 ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 10% സീറ്റ് വർദ്ധനവ് കൂടി അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

i. അപേക്ഷിക്കുന്ന എയ്ഡഡ്/സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് മാത്രമെ ടി 10% സീറ്റ് വർദ്ധനവ് അനുവദിക്കുവാൻ പാടുള്ളൂ. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ച് ആയത് പരിശോധിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കിയശേഷം സീറ്റ് വർദ്ധനവ് അനുവദിക്കേണ്ടതാണ്.

ii. ഇപ്രകാരം വർദ്ധിപ്പിച്ച സീറ്റുകളിലേക്ക് ഏകജാലക പ്രവേശന പ്രക്രിയ മുഖേന പ്രവേശനം നടത്തേണ്ടതാണ്.

iii. ഇപ്രകാരം വർദ്ധിപ്പിക്കുന്ന സീറ്റുകളിലേക്കുള്ള പ്രവേശനം നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമായിരിക്കും.

iv. ഇപ്രകാരം വർദ്ധിപ്പിച്ച 10% സീറ്റുകളിലേക്ക്, ഇതിനകം പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ, എല്ലാ യോഗ്യരായ വിദ്യാർത്ഥികൾക്കും അപേക്ഷിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

v. ടി സീറ്റ് വർദ്ധനവ് വഴി സർക്കാരിന് അധിക സാമ്പത്തികബാധ്യത ഉണ്ടാകാൻ പാടില്ല.

vi. അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ ബാച്ചുകൾക്ക് ടി വർദ്ധനവ് ബാധകമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും (ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം.)
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം. നം.1283 O.A)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുവാനായി).
പൊതുവിദ്യാഭ്യാസ (റ്റി/എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്.